(ഡി) ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിലും ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസുകളിലും, നഗരകാര്യ ഡയറക്ടർ, നഗരകാര്യ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൻകീഴിൽ വരുന്ന മേഖലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകൾ, കേരളത്തിലെ മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ, എന്നിവിടങ്ങളിൽ ലഭ്യമാകുന്ന സേവനങ്ങൾ, ഇതിനുള്ള സമയപരിധി എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സേവനാവകാശ നിയമ പ്രകാരം പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിച്ച ഈ സമയ പരിധിക്കുള്ളിൽ പ്രസ്തുത ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ ലഭ്യമാണ്. ആവശ്യമായ എല്ലാ രേഖകളും സഹിതം എല്ലാ അർത്ഥത്തിലും സമ്പൂർണ്ണമായ കെട്ടിട നിർമ്മാണ അപേക്ഷകൾ നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ തീർപ്പു കൽപ്പിക്കുന്നതാണ്.

(ഇ) കെട്ടിട നിർമ്മാണാനുമതിയുമായി ബന്ധപ്പെട്ട അപേക്ഷകൾ സമയബന്ധിതമായി (ദ്രുതഗതിയിൽ) തീർപ്പുകൽപ്പിക്കുവാനായി 'സങ്കേതം' എന്ന ഓൺ ലൈൻ ബിൽഡിംഗ് പെർമിറ്റ് സംവിധാനം നടപ്പിലാക്കി. കെട്ടിട നിർമ്മാണ അപേക്ഷകൾ എവിടെനിന്നും ഓൺ ലൈനായി സമർപ്പിക്കുന്നതിനും, പരിശോധിക്കുന്നതിനും, തീർപ്പാക്കുന്നതിനും പെർമിറ്റ് ഓൺ ലൈനായി ലഭിക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു. സമർപ്പിക്കുന്ന അപേക്ഷകൾക്ക് എന്തെങ്കിലും ന്യൂനതകൾ ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിക്കുന്ന സമയംതന്നെ അതറിയുന്നതിനും ന്യൂനതകൾ പരിഹരിച്ചുകൊണ്ട് അപേക്ഷ പുനഃസമർപ്പിക്കുന്നതിനും ഇത് സഹായിക്കുന്നു. ഒരു ഓഫീസിൽ നിന്ന് മറ്റ് ഓഫീസിലേക്ക് അപേക്ഷ ഓൺലൈനായി അയയ്ക്കുന്നതിനാൽ തപാൽ മുഖേന വരുന്ന താമസം ഒഴിവാക്കപ്പെടുന്നു. ഓഫീസിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും ഇത് സഹായിക്കുന്നു. കെട്ടിട നിർമ്മാണ അനുമതിയുടെ പകർപ്പ് അപേക്ഷകനുതന്നെ നേരിട്ട് ഓൺ ലൈനായി എടുക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ പെർമിറ്റ് ഓൺ ലൈനാക്കുന്നതിന് സങ്കേതം സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

തെരുവുകച്ചവടക്കാരുടെ ക്ഷേമവും പുനരധിവാസവും

124 (1595) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുകച്ചവടക്കാരുടെ ക്ഷേമവും പുനരധിവാസവും ഉറപ്പുവരുത്താനുള്ള ദേശീയ നിയമം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ;

(സി) തെരുവുകച്ചവടക്കാർ നടപ്പാതകൾ കൈയേറി സഞ്ചാരസ്വാതന്ത്ര്യം ഹനിക്കുന്നു എന്ന പരാതിക്ക് പരിഹാരമായി എന്തു നിർദ്ദേശമാണ് നിലവിലുള്ളതെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തെരുവ് കച്ചവടക്കാരുടെ ക്ഷേമവും പുനരധിവാസവും ഉറപ്പുവരുത്തുന്ന ദേശീയ നിയമം-2014 നടപ്പിലാക്കുന്നതിന് കുടുംബശ്രീ മിഷനെയാണ് സംസ്ഥാന നോഡൽ ഏജൻസിയായി നിയമിച്ചിട്ടുള്ളത്. നിയമം നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ചട്ടം സർക്കാരിന്റെ പരിഗണനയിലാണ്. വഴിയോരക്കച്ചവട നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ തലങ്ങളിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. നഗരകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല ഉപദേശക വിലയിരുത്തൽ സമിതിയും, ജില്ലാകളക്ടർ അദ്ധ്യക്ഷനായി ജില്ലാതല സമിതിയും നഗരസഭാ സെക്രട്ടറി അദ്ധ്യക്ഷനായ നഗരകച്ചവട സമിതിയും, സമിതികളുടെ ചുമതലകളും നിർണ്ണയിച്ച് ഉത്തരവായിട്ടുണ്ട്. തെരുവ് കച്ചവടക്കാരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തേണ്ടതും, സർട്ടിഫിക്കറ്റ് ലൈസൻസ് തുടങ്ങിയവ വിതരണം ചെയ്യേണ്ടതും, ഇവരുടെ പുനരധിവാസ നടപടികൾ കൈക്കൊള്ളേണ്ടതും നഗര കച്ചവട സമിതിയുടെ ചുമതലയാണ്. കൂടാതെ പുനരധിവാസത്തിന്റെ ഭാഗമായി തെരുവ് കച്ചവട കേന്ദ്രങ്ങൾ കണ്ടെത്തി ജനങ്ങളുടെ സഞ്ചാരസ്വാതന്ത്ര്യം ഹനിക്കപ്പെടാതെ സംരക്ഷിക്കേണ്ടതും നഗരകച്ചവടസമിതിയുടെ ചുമതലയാണ്. ടി പ്രവർത്തികൾക്കുള്ള പിന്തുണാ സംവിധാനവും സാമ്പത്തിക സഹായവും നൽകുന്നത് എൻ.യു.എൽ.എം. നഗരങ്ങളിൽ കുടുംബശ്രീ മിഷനാണ്. മറ്റ് നഗരങ്ങളിൽ നഗരസഭകൾ സ്വന്തം ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതാണ്.

(ബി) തെരുവ് കച്ചവടക്കാരെ നേരിൽ കണ്ട് വിശദമായ വിവരങ്ങൾ ശേഖരിക്കുന്ന സർവ്വേകൾ നടത്താൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ കോഴിക്കോട്, മലപ്പുറം നഗരസഭകളിൽ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. സർവ്വേയുടെ അടിസ്ഥാനത്തിൽ നഗരകച്ചവട കമ്മിറ്റിയാണ് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തി അംഗീകാരം നൽകേണ്ടത്.

(സി) നഗരസഭാ സെക്രട്ടറി അദ്ധ്യക്ഷനായുള്ള നഗരകച്ചവട സമിതി, തെരുവ് കച്ചവടമേഖലയായി കണ്ടെത്തുന്ന പ്രദേശങ്ങളിലേക്ക് തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിലൂടെ സഞ്ചാരസ്വാതന്ത്ര്യം ഹനിക്കപ്പെടാതെ സംരക്ഷിക്കുന്നതാണ് പരിഹാരമായി നിലവിലുള്ളത്

മുനിസിപ്പാലിറ്റിയിൽ ഫണ്ട് ലഭ്യമാക്കൽ

125 (1596) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും മികച്ച മുനിസിപ്പാലിറ്റിയായ ആറ്റിങ്ങലിന് 2011 മേയ് മാസത്തിനുശേഷം ഇതുവരെ വിവിധ ഘട്ടങ്ങളിലായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;